പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 496 **13-10-2026-ൽ മറുപടിയ്ക്ക്**

വ്യവസായ മേഖലയുടെ പുരോഗതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ബി. ബി. ഗോപകുമാർ ശ്രീ. പി. കെ. കൃഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് മെച്ചപ്പെടുത്തുന്നതിനായി കെ-സ്വിഫ്റ്റ് പോലുള്ള ഓൺലൈൻ സംവിധാനങ്ങളുടെ ഫലപ്രാപ്തി സംബന്ധിച്ച വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

മറുപടി: ഉണ്ട്.

നിലവിൽ കെ സ്വിഫ്റ്റ് സംവിധാനത്തിലൂടെ 22 വകുപ്പുകളുടെ 120-ൽ അധികം സേവനങ്ങൾ ലഭ്യമാവുന്നതാണ്.

K-SWIFT-ൽ (കേരള സിംഗിൾ വിൻഡോ ഇന്റർഫേസ് ഫോർ ഫാസ്റ്റ് ആൻഡ് ട്രാൻസ്പരന്റ് ക്ലിയറൻസ്) എല്ലാ അപേക്ഷകളും ഒരു ഏകീകൃത പൊതു അപേക്ഷാ ഫോം (CAF) വഴി സമർപ്പിക്കാം. സംരംഭകർക്ക് അവരുടെ എല്ലാ അപേകഷകളും ഓൺലൈനായി സമർപ്പിക്കാനും ആവശ്യമായ അനുബന്ധ രേഖകൾ അപ്ലോഡ് ചെയ്യുന്നതിനും, കൂടാതെ പദ്ധതി വക്താക്കൾക്കും വകുപ്പ് ഉദ്യോഗസ്ഥർക്കും നൽകിയിരിക്കുന്ന ഡാഷ് ബോർഡുകൾ അപേക്ഷകളുടെ പൂർണ്ണ ട്രാക്കിംഗിനും പ്രോസസ്സിംഗിനും വഴിയൊരുക്കുന്നു. K-SWIFT പോർട്ടൽ വഴി ലഭിക്കുന്ന രസീത് ഉപയോഗിച്ച് കേരള മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പ് ഒഴികെയുള്ള വിഭാഗങ്ങളിൽ പ്രവർത്തിക്കുന്ന യൂണിറ്റുകൾക്ക് 3.5 വർ ഷത്തിനുള്ളിൽ ലൈസൻസ് എടുത്താൽ മതിയാകും. അതുവഴി മുഴുവൻ പ്രക്രിയയും കൂടുതൽ കാര്യക്ഷമമായും സുതാര്യമായും ഫലപ്രദമാക്കുവാൻ സാധിക്കുന്നു.

നിലവിൽ, State Business Reforms Action Plan (SBRAP) 2026-ലെ പരിഷ്കരണ ശുപാർശകൾ പ്രകാരം അപേക്ഷാ നടപടികൾ കൂടുതൽ ലളിതവും സുഗമവുമാക്കുന്നതിനുമായി കെ-സ്വിഫ്റ്റിൽ (K-SWIFT) വിവിധ വകുപ്പുകളുടെ അനുമതികൾ സംയോജിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും പുരോഗമിച്ചുവരികയാണ്.

(ബി) പരിസ്ഥിതി സൗഹൃദ വ്യവസായങ്ങൾ, ഗ്രീൻ എനർജി, റീസൈക്ലിംഗ് എന്നീ മേഖലകളിലെ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കാമോ;

മറുപടി: പരിസ്ഥിതി സൗഹൃദ വ്യവസായങ്ങൾ, ഹരിത ഊർജ്ജം, പുനരുപയോഗ ഊർജ്ജം തുടങ്ങിയ മേഖലകളിൽ നിക്ഷേപം നടത്തുന്ന യൂണിറ്റുകൾക്ക് കെ.എസ്.ഐ.ഡി.സി വായ്പകൾ നൽകി

വരുന്നു. ഈ മേഖലകളിലെ നിക്ഷേപത്തെ പ്രോത്സാഹിപ്പിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ഇതിനു പുറമേ, മറ്റ് മേഖലകളിലെ യൂണിറ്റുകൾക്ക് വായ്പകൾക്കുള്ള പലിശനിരക്ക് തീരുമാനിക്കുന്ന ക്രെഡിറ്റ് റേറ്റിങ്ങിലും, പുനരുപയോഗ ഊർജ്ജ ഉപയോഗത്തിന് കെ.എസ്.ഐ.ഡി.സി പ്രത്യേക പരിഗണന നൽകുന്നുണ്ട്.

പുനരുപയോഗ ഊർജം, ഊർജക്ഷമത, കാർബൺ പുറന്തള്ളൽ/ കുറയ്ക്കൽ, മാലിന്യങ്ങളുടെ ശാസ്ത്രീയ സംസ്കരണം, റീസൈക്ലിംഗ്, മാലിന്യത്തിൽ നിന്നുള്ള ഊർജോൽപ്പാദനം തുടങ്ങിയ മേഖലകളിലെ നിക്ഷേപ സാധ്യതകൾ പരിശോധിച്ചുവരികയും തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

കൂടാതെ റീസൈക്ലിങ് മേഖലയിലെ വ്യവസായങ്ങൾക്ക് അനുവദിക്കുന്നതിന് ഇൻഡസ്ട്രിയൽ പാർക്കിലെ ഭൂമിയുടെ 5% മാറ്റിവെച്ചിട്ടുണ്ട്.

(സി) വിദേശ നിക്ഷേപവും (എഫ്. ഡി. ഐ.) ആഭ്യന്തര നിക്ഷേപവും വർധിപ്പിക്കാൻ പ്രത്യേക നയപരമായ ഇടപെടലുകൾ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

<u>മറുപടി:</u> വിദേശ, ആഭ്യന്തര നിക്ഷേപങ്ങൾ വർധിപ്പിക്കുന്നതിനായി കേരള വ്യവസായ നയം പ്രകാരം വൻകിട, മെഗാ, അൾട്രാ മെഗാ, പ്രത്യേക പ്രാധാന്യമുള്ള പദ്ധതികൾക്ക് പ്രത്യേക പ്രോത്സാഹന പാക്കേജുകൾ പരിഗണിക്കുന്നതിനായി ഹൈ പവർ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. 100 ശതമാനം വിദേശ നിക്ഷേപമുള്ള കമ്പനികൾക്ക് ഭൂമി/ അടിസ്ഥാന സൗകര്യങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ അനുവദിക്കുന്നതിനും, മറ്റ് സംസ്ഥാനങ്ങളിൽ നിന്നോ വിദേശ രാജ്യങ്ങളിൽ നിന്നോ പ്രവർത്തനം മാറ്റുന്നതിനോ സപ്ലൈ ചെയിൻ വൈവിധ്യവൽക്കരണം നടത്തുന്നതിനോ ഉദ്ദേശിക്കുന്ന കമ്പനികൾക്ക് പ്രത്യേക പ്രോത്സാഹനങ്ങൾ പരിഗണിക്കുന്നതിനും വ്യവസ്ഥയുണ്ട്. തന്ത്രപ്രധാന മേഖലകളിൽ സർക്കാർ നിശ്ചയിക്കുന്ന പരിധിക്ക് മുകളിലുള്ള നിക്ഷേപങ്ങൾക്ക് നിലവിലുള്ള വ്യവസായ നയപ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് പുറമേ പ്രത്യേക ആനുകൂല്യങ്ങൾ നൽകുന്നതാണ്.

സംസ്ഥാന നിക്ഷേപ പ്രോത്സാഹന ബോർഡ് രൂപീകരിച്ചിട്ടുണ്ട്. സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി, നിക്ഷേപകർക്ക് ഭൂമി, അനുമതികൾ, നിക്ഷേപാനന്തര പിന്തുണ എന്നിവ ലഭ്യമാക്കുന്നതിനായി കെ.എസ്.ഐ.ഡി.സി-യിൽ 'ഇൻവെസ്റ്റ് കേരളം സെൽ' പ്രവർത്തനക്ഷമമാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ഡി) കഴിഞ്ഞ അഞ്ച് വർഷത്തിനിടെ സംസ്ഥാനത്ത് ആരംഭിച്ച പുതിയ വ്യവസായ യൂണിറ്റുകളുടെ എണ്ണം വ്യക്തമാക്കാമോ;

<u>മറുപടി:</u> 2021 ഏപ്രിൽ 1 മുതൽ 2026 ഒക്ടോബർ 8 വരെ സംസ്ഥാനത്ത് 4,75,392 MSME സംരഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ